ചോദ്യോത്തരം
മുജീബ്

# ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയ പാർട്ടി ഉണ്ടാക്കുമോ?

■ *"ജമാഅത്തെ ഇസ്‌ലാമി സമാന മനസ്കരെ കൂടി ഉൾപ്പെടുത്തി ഒരു പാർട്ടിയുണ്ടാക്കുകയാണ് വേണ്ടത്. അതൊരു സ്വതന്ത്ര ജനകീയ പാർട്ടിയായിരിക്കണം. മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും അതിൽ പങ്കാളിത്തമുണ്ടാവണം. നീതി, സ്വാതന്ത്ര്യം, മനുഷ്യാവകാശങ്ങൾ പോലുള്ള വിഷയങ്ങൾ ഏറ്റെടുത്ത് അത് മുന്നോട്ടു പോകണം" -ശൈഖ് റാശിദുൽ ഗനൂശി(പ്രബോധനം 2008 ഏപ്രിൽ 5)യുടെ നിർദേശമാണിത്. ഇന്ത്യൻ മുസ്‌ലിംകളുടെ അധഃസ്ഥിതിക്ക് അറുതി വരുത്താൻ അവർ രാഷ്ട്രീയമായിത്തന്നെ സംഘടിക്കണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം ജമാഅത്തെ ഇസ്‌ലാമി മുഖവിലക്കെടുത്തിട്ടുണ്ടോ?*

***എം.എൻ മുഹമ്മദ് കാസിം***
***കാഞ്ഞിരപ്പള്ളി***

**ഇ**രുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഇന്ത്യൻ മുസ്‌ലിംകളിൽ ഗണ്യമായ വിഭാഗം സാമുദായിക പാർട്ടിയുണ്ടാക്കി പ്രവർത്തിക്കാൻ തുടങ്ങിയിരുന്നു- അഖിലേന്ത്യാ മുസ്‌ലിം ലീഗ്. ക്രമേണ മുസ്‌ലിം ലീഗ് ശക്തി പ്രാപിച്ചു. ബ്രിട്ടീഷ് ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളിൽ നിർണായക സ്വാധീനം ചെലുത്തുന്ന രാഷ്ട്രീയ പാർട്ടിയായി വളർന്നു. രാജ്യം കടുത്ത സാമുദായിക ധ്രുവീകരണത്തിലൂടെ രണ്ടായി പിളർന്ന സാഹചര്യമാണ് പിന്നീട് രൂപപ്പെട്ടത്. പാകിസ്താന്റെ രൂപവത്കരണത്തോടെ ഇന്ത്യയിൽ അവശേഷിച്ച മുസ്‌ലിം ന്യൂനപക്ഷത്തിന്റെ ദേശക്കൂറ് നിരന്തരം സംശയിക്കപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയുമാണ് വിഭജനത്തിന്റെ വിനാശകരമായ പ്രത്യാഘാതങ്ങളിലൊന്ന്. സന്ദിഗ്ധാവസ്ഥയിൽ സമുദായത്തിന് നേതൃത്വം നൽകാൻ യോഗ്യരായ പണ്ഡിതന്മാരോ നേതാക്കളോ ഇന്ത്യയിൽ അവശേഷിച്ചതുമില്ല. ഇപ്രകാരം കടുത്ത പ്രതികൂല പശ്ചാത്തലത്തിൽ നിലവിൽവന്ന ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി, സാമുദായികമെന്ന് സംശയിക്കപ്പെടുകയെങ്കിലും ചെയ്യുന്ന ഒരു രാഷ്ട്രീയ പാർട്ടിയായി രൂപാന്തരപ്പെടുകയോ അത്തരമൊരു രാഷ്ട്രീയ പാർട്ടി ഉണ്ടാക്കുകയോ ചെയ്തിരുന്നെങ്കിൽ ഒരു വശത്ത് അതേറ്റെടുത്ത് നടത്തിയ പ്രബോധന, സംസ്കരണ, സേവന പ്രവർത്തനങ്ങൾ തീർത്തും മന്ദീഭവിക്കുമായിരുന്നു; മറുവശത്ത് സെക്യുലർ രാഷ്ട്രീയ പാർട്ടികളും വർഗീയ പാർട്ടികളും ഒരുപോലെ അതിനെ നശിപ്പിക്കാൻ വഴി നോക്കുമായിരുന്നു. വിഭജനാനന്തരം പുനർജനിച്ച ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന് ഇസ്‌ലാമിക വ്യക്തിത്വത്തിൽ ആവോളം വെള്ളം ചേർത്തിട്ടും മലബാറിനപ്പുറത്ത് വേരു പിടിക്കാൻ കഴിയാതെ പോയത് എന്തുകൊണ്ട് എന്നാലോചിക്കണം. അമുസ്‌ലിംകൾക്ക് പങ്കാളിത്തമുള്ള വിശാലമായ ഒരു രാഷ്ട്രീയ പാർട്ടി എന്ന ആശയവും മതേതര പാർട്ടികൾ മേധാവിത്വം പുലർത്തിയ കാലഘട്ടത്തിൽ പച്ച തൊടുമായിരുന്നില്ല.

ഇന്ന് മതേതര പാർട്ടികൾ ശിഥിലവും ദുർബലവുമാണ്. വർഗീയ ഫാഷിസ്റ്റ് പ്രസ്ഥാനം പൂർവാധികം കരുത്താർജിച്ചിരിക്കുന്നു. ഒരു തവണ അവർ ഇന്ത്യയുടെ അധികാരം പിടിച്ചെടുത്തു. ഒട്ടേറെ സംസ്ഥാനങ്ങളിൽ അവരാണ് ഭരിക്കുന്നത്. അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെയും മതേതര പാർട്ടികളെയും മുട്ടുകുത്തിച്ച് അധികാരം വീണ്ടെടുക്കാനാവുമെന്നാണ് എൻ.ഡി.എയുടെ പ്രതീക്ഷ. അത് പൂവണിയാതിരിക്കണമെങ്കിൽ എന്തെല്ലാം ദൗർബല്യങ്ങളുണ്ടായാലും മതേതര പാർട്ടികളെ പിന്തുണക്കുന്നതാണ് ന്യൂനപക്ഷങ്ങൾക്ക് ഗുണകരമെന്ന് ചിന്തിക്കുന്നു സമുദായത്തിലൊരു വിഭാഗം. എന്നാൽ, ജനപക്ഷത്ത് നിൽക്കുന്ന ഒരു ന്യൂനപക്ഷ-മതേതരപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പ്രസക്തി റാശിദുൽ ഗനൂശി ചൂണ്ടിക്കാട്ടിയ പോലെ ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ സാധുത നിരാകരിക്കുന്നില്ല. പക്ഷേ, സ്വപ്നം യാഥാർഥ്യമാവണമെങ്കിൽ ഒരുപാട് വൈതരണികൾ തരണം ചെയ്യണം. വേണ്ടത്ര ആൾബലവും വിഭവശേഷിയും വേണം. മുന്നൊരുക്കമില്ലാതെ സജീവ രാഷ്ട്രീയത്തിലേക്ക് എടുത്തു ചാടാൻ വയ്യ. നിലവിൽ ജനകീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പോരാടുകയും നിലപാടുകളിൽ അവർഗീയ സമീപനം സ്വീകരിക്കുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമി അതിന്റെ ബഹുമുഖ ദൗത്യം കൂടുതൽ ശക്തമായി നിറവേറ്റിക്കൊണ്ടിരിക്കുമ്പോൾ തത്ത്വാധിഷ്ഠിതമായ ഒരു വിശാല രാഷ്ട്രീയവേദി നിലവിൽവരാം.

## പാഠ്യപദ്ധതി വിവാദം

■ *കേരള സർക്കാറിന്റെ പാഠ്യപദ്ധതിയിൽ ഏറെക്കുറെ സംതൃപ്തി കണ്ടെത്തിയ ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ പാഠപുസ്തക വിവാദവുമായി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു. ഏഴാംതരം സാമൂഹ്യശാസ്ത്രത്തിൽ ജമാഅത്തെ ഇസ്‌ലാമി അടക്കമുള്ളവർ കരുതുന്നത് പോലെ എന്താണിത്ര അപകടം പിണഞ്ഞിരിക്കുന്നത്? എല്ലാ മതദർശനങ്ങളും എല്ലാവരും പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടതില്ലേ? അല്ലാതെ മതവിശ്വാസികളുടെ മതം മാത്രമേ പഠിക്കാവൂ, പഠിപ്പിക്കാവൂ എന്നും*

*മറ്റുള്ള ദർശനങ്ങളൊന്നും പഠിക്കേണ്ടതില്ല എന്നൊക്കെ പറയുന്നത് ഒരുതരം അന്ധമായ കടന്നുകയറ്റമല്ലേ?*

***ശംസീർ ശബീർ പള്ളിക്കൽ***
***റിയാദ്***

**കേ**രള സർക്കാറിന്റെ പാഠ്യപദ്ധതിയിൽ ജമാഅത്തെ ഇസ്‌ലാമി സംതൃപ്തി കണ്ടെത്തിയിട്ടില്ല. പാഠപുസ്തകങ്ങളിലെ വിവാദ ഭാഗം നീക്കം ചെയ്യണമെന്നാണ് തുടക്കം മുതലേ ആവശ്യപ്പെട്ടത്. മുഖ്യമായും മുസ്‌ലിം സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ശക്തമായ എതിർപ്പ് മാനിച്ച് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ പാഠപുസ്തക പുനഃപരിശോധന വിദഗ്ധ സമിതി ഏറെ വിവാദമുയർത്തിയ ഏഴാം തരം സാമൂഹിക പാഠത്തിലെ മതമില്ലാത്ത ജീവൻ എന്ന പാഠം തിരുത്താൻ ഇടക്കാല റിപ്പോർട്ടിൽ ആവശ്യപ്പെട്ടു; അത് വിദ്യാഭ്യാസ മന്ത്രി അംഗീകരിക്കുകയും ചെയ്തു. സംഘടനകളുമായി ചർച്ചക്ക് തയാറായ വിദ്യാഭ്യാസ മന്ത്രി അവരുടേതടക്കമുള്ള പരാതികൾ ശ്രദ്ധിച്ചായിരിക്കും വിദഗ്ധ സമിതി അന്തിമ റിപ്പോർട്ട് സമർപ്പിക്കുക എന്നും ഉറപ്പ് നൽകി. തദടിസ്ഥാനത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രത്യക്ഷ സമരപരിപാടികൾ നിർത്തിവെക്കണമെന്നാണ് ജമാഅത്തിന്റെ അഭിപ്രായം. അക്കാര്യം ജൂലൈ 26-ന് ജമാഅത്തെ ഇസ്‌ലാമി ഹൽഖാ അമീർ ടി. ആരിഫലി കോഴിക്കോട്ട് നടത്തിയ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പാഠ്യപദ്ധതിയിലും പാഠപുസ്തകങ്ങളിലും അപാകതകൾ ഉണ്ടെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണല്ലോ വിദ്യാഭ്യാസ മന്ത്രി എം.എ ബേബി പുനഃപരിശോധന സാധ്യമല്ലെന്ന മുൻ നിലപാടിൽനിന്ന് പിറകോട്ടുപോയതും മാറ്റങ്ങൾക്ക് തയാറായതും. ജനാധിപത്യ ഇന്ത്യയിൽ സമാധാനപരമായ ആശയ പ്രചാരണത്തിന് എല്ലാവർക്കും സ്വാതന്ത്ര്യമുണ്ട്. ആ സ്വാതന്ത്ര്യം നാസ്തികരോ യുക്തിവാദികളോ ആര് ഉപയോഗിച്ചാലും ആശയസമരത്തിലൂടെ നേരിടുകയല്ലാതെ അസഹിഷ്ണുതാപരമായ സമീപനം ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചിട്ടില്ല. എന്നാൽ, മഹാഭൂരിപക്ഷവും വിശ്വാസികളടങ്ങിയ ഒരു സമൂഹത്തിൽ അവരുടെ നികുതിപ്പണം ഉപയോഗിച്ച് സർക്കാർ മതനിരാസം പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യരുതെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഒരു പ്രത്യേക മതത്തിന്റെ അധ്യാപനങ്ങളോ മതനിരാസമോ പാഠ്യപദ്ധതിയിൽ സ്ഥലം പിടിക്കേണ്ടതല്ല. സർവ മതങ്ങളുടെയും പൊതുവായ ധാർമിക, മാനവിക മൂല്യങ്ങൾ പഠിപ്പിക്കാം. ദേശീയ വിദ്യാഭ്യാസ നയം അക്കാര്യം ഊന്നിപ്പറയുന്നു. അത് മതമുക്തരെ അലോസരപ്പെടുത്തേണ്ട കാര്യമില്ല. ഇന്ത്യൻ സെക്യുലരിസം മതനിരപേക്ഷതയാണ്, മതനിരാസമല്ല.

## സിദ്ധഭക്തി കാട് കയറിയാൽ

■ *"മുജാഹിദുകളും ജമാഅത്തുകാരും കാടടക്കി വെടിവെക്കുകയാണ്. വ്യാജന്മാർക്കൊപ്പം നല്ലവരെയും തള്ളുന്ന നയമാണവർ സ്വീകരിച്ചത്. നല്ലതും ചീത്തയും എന്ന രണ്ട് വകുപ്പ് ഇതിലില്ലെന്നാണ് അവരുടെ വാദം. ഇങ്ങനെയെങ്കിൽ ചില കാര്യങ്ങൾക്ക് ഉത്തരം ഇവർ നൽകേണ്ടതുണ്ട്. അല്ലാഹുവിനെ ബുദ്ധിയുള്ളവരൊക്കെ അംഗീകരിക്കുന്നു. അവിടെയും ചൂഷകവർഗം ലാത്ത, ഉസ്സ പോലുള്ള 'ദൈവ'ങ്ങളെ ഇറക്കുകയുണ്ടായി. ഇവയെ നിഷേധിക്കുന്ന കൂട്ടത്തിൽ അല്ലാഹുവിനെയും നിഷേധിക്കാനൊക്കുമോ?*

*മുഹമ്മദ് നബി(സ)ക്ക് അനുയായികളിലുണ്ടായ സ്വാധീനം ചില്ലറയായിരുന്നില്ല. ഇത് മനസ്സിലാക്കിയ മുസൈലിമത്തുൽ കദ്ദാബ്, അസ്‌വദുൽ അൻസി തുടങ്ങിയവർ പ്രവാചക വേഷം കെട്ടി രംഗത്ത് വന്നതുകൊണ്ട് നബി(സ)യെ തള്ളാൻ സത്യവിശ്വാസിക്കു കഴിയുമോ? ഇതേ പ്രകാരം തന്നെയാണ് ശൈഖുമാരുടെ കാര്യവും.*

*മക്കാ വിജയവേളയിൽ കഅ്ബയുടെ അകത്തും പുറത്തുമായി മുന്നൂറിലധികം ദൈവങ്ങളുണ്ടായിരുന്നു. കല്ലുകൊണ്ടുണ്ടാക്കിയ ദൈവങ്ങളെ ഒന്നടങ്കം വലിച്ചെറിഞ്ഞപ്പോൾ രണ്ട് കല്ലുകളെ തൊടാൻ നബി(സ) അനുവദിച്ചില്ല. മാത്രവുമല്ല, ഒന്നിനെ ചുംബിക്കാനും മറ്റേതിന്റെടുക്കൽ വെച്ച് നിസ്കരിക്കാനുമാണ് അവിടുന്ന് കൽപിച്ചത്. ഇത് എങ്ങനെ മുജാഹിദുകൾക്കും മൗദൂദികൾക്കും അംഗീകരിക്കാൻ കഴിയും.*

*വ്യാജ ത്വരീഖത്തിന്റെ ശൈഖുമാരേക്കാൾ തള്ളപ്പെടേണ്ടവയാണ് കല്ലുകൊണ്ടുണ്ടാക്കിയ ദൈവങ്ങളെന്നതിൽ സന്ദേഹമില്ല. എന്നാൽ മേൽപറഞ്ഞ രണ്ടു കല്ലുകളെ ബഹുമാനിക്കാനും ആദരിക്കാനും കാരണമെന്ത്? പുത്തനാശയക്കാർ പോലും ഹജറുൽ അസ്‌വദ് ചുംബിക്കുന്നതും ഇബ്റാഹീം മഖാമിനടുത്ത് വെച്ച് നിസ്കരിക്കുന്നതും കാണാം. ഇതിനു അവർ പറയുന്ന ന്യായമെന്താണോ അത് നമുക്ക് നല്ല ശൈഖുമാരുടെ വിഷയത്തിലും പ്രയോഗിച്ചു നോക്കാവുന്നതാണ്"* *-'ഒറിജിനലുണ്ടെങ്കിലല്ലേ വ്യാജനുണ്ടാകൂ' എന്ന തലക്കെട്ടിൽ പി.പി മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ* സിറാജ് *(2008 ജൂലൈ 9) പത്രത്തിൽ എഴുതിയ ലേഖനത്തിൽനിന്ന്. മുജീബ് എന്തു പറയുന്നു?*

***റശീദ് വെളിയങ്കോട്***
***അബൂദബി***

**അ**ല്ലാഹുവിനെ സ്നേഹിക്കുകയും ഭയപ്പെടുകയും ചെയ്യുന്ന, ജീവിതം പരമാവധി സംശുദ്ധമാക്കാൻ നിഷ്കർഷിക്കുന്ന വലിയ്യുകൾ ഇല്ലെന്നോ അവർക്ക് സിദ്ധികളില്ലെന്നോ ഉത്തരവാദപ്പെട്ട ഒരു ഇസ്‌ലാമിക സംഘടനയും വാദിച്ചതായി കേട്ടിട്ടില്ല. എന്നാൽ ഒരു വലിയ്യും പ്രവാചകനല്ല, യഥേഷ്ടം കറാമത്ത് കാട്ടി നടന്നവരല്ല, അതിന്റെ പേരിൽ പാമര ജനങ്ങളെ ചൂഷണം ചെയ്യുകയോ പണം പിടുങ്ങുകയോ ചെയ്തവരുമല്ല. ഒരാൾ തന്റെ വലിയ്യാണോ അല്ലയോ എന്ന് വിധിക്കാൻ അല്ലാഹുവിനും അവൻ അറിയിച്ചുകൊടുത്താൽ പ്രവാചകന്മാർക്കുമല്ലാതെ മറ്റാർക്കും സാധ്യമല്ല. വലിയ്യുകളിൽ നല്ലവരെയും വ്യാജന്മാരെയും വേർതിരിക്കാൻ കൃത്യമായ ഒരു മാനദണ്ഡവും ഇന്നുവരെ സമസ്തക്കാരായ പണ്ഡിതന്മാർ ആരെങ്കിലും അവതരിപ്പിച്ചതായി കണ്ടിട്ടില്ല. അതിനാൽ ശരീഅത്ത് വിധികൾ ഉപേക്ഷിച്ച മനോരോഗികളെയടക്കം സിദ്ധന്മാരായി കൊണ്ടു നടക്കുന്നതും മരിച്ചാൽ അവരുടെ ശവകുടീരങ്ങൾ പണിത് ധനാഗമന സ്രോതസ്സാക്കി മാറ്റുന്നതും യാഥാസ്ഥിതിക പണ്ഡിത സംഘടനകളാണ്. ഇതാണ് മുജാഹിദുകളും ജമാഅത്തെ ഇസ്‌ലാമിയും മറ്റും ചോദ്യം ചെയ്യുന്നത്. അല്ലാഹുവിനെയും വ്യാജദൈവങ്ങളെയും മുഹമ്മദ് നബി(സ)യെയും വ്യാജ പ്രവാചകന്മാരെയും വേർതിരിച്ചു മനസ്സിലാക്കാൻ ഖുർആനും സുന്നത്തും യുക്തിയും ധാരാളം മതി. സിദ്ധന്മാരുടെ കാര്യമോ? ആലുവ ത്വരീഖത്തിന്റെ പ്രൊപ്രൈറ്റർ യൂസുഫ് സുൽത്താൻ ഒറിജിനലാണെന്ന് സമസ്ത ഔദ്യോഗിക വിഭാഗത്തിന്റെ പൂർണ നിയന്ത്രണത്തിലുള്ള ചെമ്മാട് ദാറുൽ ഹുദായിലെ ഒരു വിഭാഗം അധ്യാപകരും വിദ്യാർഥികളും ശഠിക്കുന്നു; സമസ്ത നേതൃത്വം അത് നിരാകരിക്കുകയും ചെയ്യുന്നു. ഈജിപ്തിലെ ദസൂഖി ത്വരീഖത്തുകാരൻ വ്യാജനാണെന്നാണ് എ.പി വിഭാഗത്തിന്റെ വാദം; പവൻമാറ്റ് ഒറിജിനലാണെന്ന്

കക്കാട് മുഹമ്മദ് ഫൈസിയും അബ്ദുന്നാസിർ മഅ്ദനിയും. മടവൂർ 'വലിയ്യുല്ലാഹി' ജീവിതസായാഹ്നത്തിൽ നമസ്കരിക്കുക പോലും ചെയ്തിരുന്നില്ലെന്ന് അദ്ദേഹത്തെ സന്ദർശിച്ച സൈദ് മുഹമ്മദ് നിസാമി. അദ്ദേഹം പരമ ശ്രേഷ്ഠനായ വലിയ്യാണെന്ന് ഇരുവിഭാഗം സമസ്തകളും! ഇതൊക്കെ 'വഹാബി മൗദൂദികളുടെ' പ്രചാരണമാണോ?

അന്ധവിശ്വാസങ്ങളെ ന്യായീകരിച്ച് കാടുകയറി തനി ശിർക്കോളം എത്തിയതിന്റെ പാരമ്യതയാണ് കഅ്ബയിലെ ശിലാ വിഗ്രഹങ്ങളുടെ ഉദാഹരണം. ഏകദൈവാരാധനക്കായി മഹാന്മാരായ ഇബ്റാഹീമും ഇസ്മാഈലും(അ) ദൈവ കൽപന പ്രകാരം നിർമിച്ചതാണ് കഅ്ബ പുണ്യഗേഹം. അതിന്റെ ഒരു കോണിൽ സ്ഥാപിച്ച കറുത്ത ശില (ഹജറുൽ അസ്വദ്) വിഗ്രഹമോ പ്രതിമയോ പ്രതീകമോ അല്ല, ആരാധനാ മൂർത്തിയുമല്ല. മന്ദിരത്തിന്റെ പണി പൂർത്തിയാക്കിയ ശേഷം ഇബ്റാഹീം(അ) നിന്ന് പ്രാർഥിച്ച സ്ഥലമാണ് മഖാമു ഇബ്റാഹീം. അതും ആരാധ്യവസ്തുവല്ല. മറിച്ച് നൂറ്റാണ്ടുകൾക്ക് ശേഷം മക്കയിലെ ബഹുദൈവവിശ്വാസികൾ കഅ്ബാലയത്തിൽ സ്ഥാപിച്ച ശിലാ വിഗ്രഹങ്ങളെയാണ് മക്കാ വിജയത്തിനു ശേഷം നബി(സ) നീക്കം ചെയ്തത്. വിഗ്രഹങ്ങൾ എല്ലാം വ്യാജമാണ്, ഒന്നും ഒറിജിനലല്ല. ഒറിജിനലായ ഹജറുൽ അസ്വദും മഖാമു ഇബ്റാഹീമും വിഗ്രഹങ്ങളോ ആരാധ്യ വസ്തുക്കളോ അല്ലേ അല്ല. അങ്ങനെയൊരു വിശ്വാസമാണ് ഏതെങ്കിലും പണ്ഡിതൻ വെച്ചു പുലർത്തുന്നതെങ്കിൽ തികഞ്ഞ വിഗ്രഹാരാധനയിൽ കുറഞ്ഞ ഒന്നുമല്ല അത്. സമുദായം ഇവരുടെ തനിനിറം തിരിച്ചറിഞ്ഞേ പറ്റൂ. പ്രത്യേകിച്ചും ഇത്തരം ന്യായീകരണങ്ങൾ യഥാർഥ ബഹുദൈവവിശ്വാസികൾക്ക് തെളിവാകുമ്പോൾ.

## കുടുംബശ്രീ

■ *മതസൗഹാർദവും അയൽപക്ക ബന്ധവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം വെച്ച് ഈ അടുത്ത കാലത്ത് ഞാൻ 'കുടുംബശ്രീ'യിൽ ചേർന്നു പ്രവർത്തിച്ചുവരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ഞാൻ അന്വേഷിച്ചപ്പോൾ പലിശ ഇടപാടുകൾ നടക്കുന്നതിനാൽ ഇതിൽ പങ്കെടുക്കാൻ പാടില്ല എന്ന മറുപടിയാണ് ഒരു മൗലവിയിൽനിന്നും എനിക്ക് ലഭിച്ചത്. ഞാൻ ഇതിൽനിന്ന് പലിശ വാങ്ങുന്നില്ല. മേൽ പറഞ്ഞ ലക്ഷ്യം വെച്ചുകൊണ്ട് എനിക്കിതിൽ പ്രവർത്തിച്ചുകൂടേ?*

***തൗഹീദ കുന്ദമംഗലം***

**സ്**ത്രീകളെ വികസനത്തിൽ പങ്കാളികളാക്കാനും അവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാനും ദാരിദ്ര്യമകറ്റാനുമുള്ള പദ്ധതിയാണ് കുടുംബശ്രീ. അതിൽ മുസ്‌ലിം സ്ത്രീകളടക്കം പങ്കാളികളാവുന്നതാണ് ശരി. പട്ടിണിയും തൊഴിലില്ലായ്മയുമല്ല, അതൊക്കെ നിർമാർജനം ചെയ്യുന്നതാണ് ഇസ്‌ലാം. പലിശ നിഷിദ്ധമാണ്. നിഷിദ്ധമായ ഇടപാടുകളിൽനിന്ന് വിട്ടുനിൽക്കണം. പലിശ സ്പർശമില്ലാത്ത സംരംഭങ്ങളോട് സഹകരിക്കാം.

## തലവരിപ്പണം

■ *കോളേജ് പ്രവേശനത്തിന് തലവരിപ്പണം (കാപ്പിറ്റേഷൻ) വാങ്ങുന്നത് ഇസ്‌ലാമിൽ അനുവദനീയമാകുമോ? പണം വാങ്ങിയാണെങ്കിലും അഡ്വാൻസ്ഡ് കോഴ്സുകൾക്ക് പഠിക്കാൻ നാട്ടിൽതന്നെ അവസരം ഉണ്ടാക്കുന്ന സദ്പ്രവൃത്തിയാണ് അവർ ചെയ്യുന്നതെന്നാണ് മുസ്‌ലിം(?) മാനേജ്മെന്റുകളുടെ ന്യായീകരണം. പലിശ വാങ്ങിയാണെങ്കിലും ആളുകൾക്ക് പണം വായ്പ കൊടുത്ത് സഹായിക്കുകയാണെന്നാണ് പലിശക്ക് പണം കൊടുക്കുന്നവരും ന്യായീകരിക്കുന്നത്. പലിശ നമ്മുടെ നാട്ടിൽ നിയമവിധേയവുമാണ്. എന്നാൽ നമ്മുടെ നാട്ടിലെ നിയമപ്രകാരം കുറ്റകരമായ തലവരിപ്പണം വാങ്ങി പ്രതിവർഷം കോടിക്കണക്കിന് രൂപ സമ്പാദിക്കുന്ന ട്രസ്റ്റുകൾ നടത്തി അതിന്റെ വിഹിതമായി വിവിധ ആനുകൂല്യങ്ങളും പണവും കൈപ്പറ്റുന്ന വിദ്യാഭ്യാസ കച്ചവടത്തിലെ പാർട്ണർമാരായ ട്രസ്റ്റ് അംഗങ്ങളെക്കുറിച്ചുള്ള ഇസ്‌ലാമിക കാഴ്ചപ്പാട് എന്താണ്?*

***അഡ്വ. എം.എം അലിയാർ***

**പ**ണം മുടക്കി സ്ഥാപനങ്ങൾ പണിത് അവ നടത്തിക്കൊണ്ടുപോവുന്നവർക്ക് സേവനത്തിന്റെ പ്രതിഫലം സ്വീകരിക്കാൻ ഒരു നിയമവും തടസ്സമല്ല. സൗജന്യ സേവനം ചെയ്യണമെന്ന് ആരെയും നിർബന്ധിക്കാനുമാവില്ല. എന്നാൽ, സർക്കാർ വേതനം നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിനും പ്രവേശനത്തിനും സർക്കാർ അനുവദിക്കാത്ത തുക എന്ത് പേരിട്ടാലും സ്വീകരിക്കുന്നത് ധാർമികമായും നിയമപരമായും തെറ്റാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിയമ പരിധിയിലൊതുങ്ങി ഫീസ് ഈടാക്കാം. തികയാതെ വന്നാൽ പരിധി ഉയർത്താൻ സർക്കാറിനോട് ആവശ്യപ്പെടാം. സർക്കാർ മാനിച്ചില്ലെങ്കിൽ കോടതികളെ സമീപിക്കാം. അതും വിഫലമായാൽ സ്ഥാപനം പൂട്ടിയിടാം. നിയമം ലംഘിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ ആരും നിർബന്ധിക്കപ്പെടുന്നില്ല. സമുദായ സേവനമാണെങ്കിൽ പോലും നിയമം പാലിച്ചു ചെയ്താൽ മതി. ദാനധർമം എത്ര പുണ്യമാണെങ്കിലും അതിന് മോഷണം മാർഗമായിക്കൂടല്ലോ. ■